ഉത്തരം

(എ) പട്ടികജാതി വിഭാഗങ്ങൾക്കായി 17,04,28,866 (പതിനേഴു കോടി നാലു ലക്ഷത്തി ഇരുപത്തിയെണ്ണായിരത്തി എണ്ണൂറ്റി അറുപത്തിയാറ്) രൂപ ധനസഹായമായി നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.* പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി 2,91,04,000 (മൂന്നുകോടി തൊണ്ണൂറ്റിയൊന്നു ലക്ഷത്തി നാലായിരം) രൂപ ധനസഹായമായി നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ശേഖരിച്ചു വരുന്നു.

(ബി) മലപ്പുറം മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽ 134 അപേക്ഷകൾ ലഭിച്ചതിൽ 105 പേർക്ക് തുക വിതരണം ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽ ഒരു അപേക്ഷ ലഭിക്കുകയും അപേക്ഷ തുക കൈപ്പറ്റുന്നതിനു മുമ്പു മരണമടഞ്ഞതിനാൽ അനന്തരാവകാശിക്ക് തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

ഉടുമ്പൻചോല മണ്ഡലത്തിലെ അപേക്ഷകർക്ക് ലഭിച്ച ചികിത്സാ സഹായം

106(2358) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഉടുമ്പൻചോല നിയോജക മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമവകുപ്പുമന്ത്രിയുടെ ചികിത്സാ ധനസഹായ പദ്ധതിയിൽ നിന്നും എത്ര രൂപയുടെ ആനുകൂല്യം അനുവദിച്ചിട്ടുണ്ട് ;

(ബി) എത്ര പേർക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചത് ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉടുമ്പൻചോല നിയോജക മണ്ഡലത്തിൽ പട്ടികവർഗ്ഗക്കാർക്ക് 2,13,500 രൂപയും (രണ്ട് ലക്ഷത്തി പതിമൂവായിരത്തി അഞ്ഞൂറ് രൂപ) പട്ടികജാതിക്കാർക്ക് 11,36,450 രൂപയും (പതിനൊന്ന് ലക്ഷത്തി മുപ്പത്താറായിരത്തി നാനൂറ്റമ്പത് രൂപ) പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പുമന്ത്രിയുടെ ചികിത്സാ നിധിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 49 പേർക്കും പട്ടികജാതി വിഭാഗത്തിൽപ്പെട്ട 199 പേർക്കും ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly